**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – ജില്ലാ പഞ്ചായത്ത്, മറ്റു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ തെരുവുനായ നിയന്ത്രണ പദ്ധതി നിർവഹണത്തിന് വേണ്ട മാനേജ്മെന്റ് യൂണിറ്റുകളായി കുടുംബശ്രീ പരിശീലനം ലഭിച്ച യൂണിറ്റുകളെ അംഗീകരിച്ചും അവർക്ക് അർഹമായ സേവന പ്രതിഫലം പദ്ധതി തുകയിൽ നിന്നുതന്നെ നൽകുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്**

സ.ഉ(സാ.ധാ)നം: 3247/2016/ത.സ്വ.ഭ.വ        തീയതി, തിരുവനന്തപുരം: 30/11/2016

പരാമർശം: കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15.11.2016- ലെ 9051/D/2016/KSHO നമ്പർ കുറിപ്പ്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന തെരുവ്നായ ശല്യം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് കുടുംബശ്രീ മിഷൻ 2000 അംഗങ്ങളെ ഉൾപ്പെടുത്തി പട്ടിപിടുത്തത്തിൽ പരിശീലനം നൽകി വിവിധ പഞ്ചായത്തുകളിൽ യൂണിറ്റുകൾ സജ്ജമാക്കുന്നതിലേക്കായി മേൽ പരാമർശം പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ഒരു പ്രൊപോസൽ സമർപ്പിച്ചിരുന്നു.

ടി വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ജില്ലാ പഞ്ചായത്ത്, മറ്റു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ തെരുവുനായ നിയന്ത്രണ പദ്ധതി നിർവഹണത്തിന് വേണ്ട മാനേജ്മെന്റ് യൂണിറ്റുകളായി കുടുംബശ്രീ പരിശീലനം ലഭിച്ച യൂണിറ്റുകളെ അംഗീകരിച്ചും അവർക്ക് അർഹമായ സേവന പ്രതിഫലം പദ്ധതി തുകയിൽ നിന്നുതന്നെ നൽകുന്നതിന് വേണ്ട അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
എൻ. വിശ്രുതൻ ആചാരി
ഡെപ്യൂട്ടി സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും
ഡയറക്ടർ, മൃഗ സംരക്ഷണ വകുപ്പ്
കൃഷി (മൃഗ സംരക്ഷണ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ,കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ